## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** **17-03-2022 - ൽ മറുപടിയ്ക്ക്**

## വെങ്ങാലൂർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ മണ്ഡലത്തിലെ വെങ്ങാലൂർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ, തിരൂർ താലൂക്കിൽ തലക്കാട് വില്ലേജിൽപ്പെട്ട വെങ്ങാലൂരിൽ 220 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കാൻ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകുകയും, തുടർന്ന് പദ്ധതിക്കാവശ്യമായ 85.75 ആർ സ്ഥലം ആറ് സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിട്ടുള്ളതുമാണ്. ഈ വസ്തു LAAR Act-2013 അനുസരിച്ച് ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ തിരൂർ ഓഫീസിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് 3/12/2021 ന് 9,13,559 രൂപ കണ്ടിൻജൻസി ചാർജ്ജായും, 06/01/2022 ന് 54,81,353/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും ബോർഡ് അടച്ചിട്ടുള്ളതാണ്. തിരൂർ R.D.O യുടെ നടപടിക്രമം പ്രകാരം സർവെ നമ്പർ 179/3-10, 179/3-5, 179/3-3 എന്നിവയിൽപ്പെട്ട 28.31 ആർ വസ്തു 2008 ലെ കേരളാനെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപെട്ടിട്ടുള്ളതും ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യാൻ കഴിയുകയില്ലെന്ന് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടി ക്രമം പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ബോർഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന വെങ്ങാലൂർ സബ്സ്റ്റേഷന് ആവശ്യ-മായി വരുന്ന ഈ വസ്തു കൂടി പദ്ധതി പൂർത്തികരണത്തിന് അത്യാവശ്യമാണ്. ആയതിനാൽ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്നും ഈ വസ്തു ഒഴിവാക്കി കിട്ടുന്നതിന് KSEBL നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ അനിശ്ചിതാവസ്ഥയിൽ തുടരുന്ന സാഹചര്യത്തിൽ | (ബി) | തിരൂർ നിയോജക മണ്ഡലത്തിൽ താഴെപാലത്ത് നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ 220 ആയി |

| | | | |
|---|---|---|---|
| | പ്രസ്തുത സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനെ പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | ഉയർത്തുന്നതിന് സ്ഥലപരിമിതിയും 220, 110 കെ.വി ലൈനുകൾ നിർമ്മിക്കുന്നതിനുള്ള അധിക വൈദ്യുതി ഇടനാഴി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്താണ് പുതിയ 220/110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം വെങ്ങാലൂരിൽ പരിഗണിച്ചത്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ കുറച്ച് ഭാഗം നെൽ വയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിലാണ്. നെൽ വയൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി കിട്ടുന്ന മുറക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ